

രജത ജൂബിലി · 2001 – 2026

തുടക്കം വെറും 70 ഡോളറിൽ.

ഇരുപത്തഞ്ച് വർഷം, 1,756 കുടുംബങ്ങൾ, ഇരുപത് ലക്ഷത്തിലധികം ഡോളർ. ഒരു ജീവിതത്തിന് താങ്ങാകാൻ കൈകോർത്ത ആ സുഹൃദ്സംഘം ഇന്നും ഒപ്പമുണ്ട്.

ഞങ്ങളുടെ കഥ

ഒരു കൈ സഹായം, ഒരു ജീവിതത്തിന് താങ്ങ്

2001 നവംബറിൽ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുശേഷം തുടർചികിത്സയ്ക്ക് സഹായം തേടിയ കോട്ടയത്തെ ഒരു യുവതിക്കായി ഏതാനും സുഹൃത്തുക്കൾ തങ്ങളാൽ കഴിയുന്നത് സ്വരൂപിച്ചു. ആകെ കിട്ടിയത് എഴുപത് ഡോളർ. ആ ചെറിയ തുടക്കം എവിടെവരെ വളരുമെന്ന് അന്ന് ആരും കരുതിയിരുന്നില്ല.

ഓഫീസില്ല, ജീവനക്കാരില്ല, ധനസമാഹരണ പദ്ധതികളുമില്ല. ഉണ്ടായിരുന്നത് ലളിതമായ ഒരു ആശയം മാത്രം: ഒരാൾ ശരിക്കും പ്രതിസന്ധിയിലാകുമ്പോൾ സാധാരണക്കാർ ഓരോരുത്തരും അല്പം വീതം നൽകിയാൽ അത് വലിയൊരു സഹായമായി മാറും. ആഴ്ചകൾക്കുശേഷം വന്ന രണ്ടാമത്തെ അപേക്ഷ ഹൃദ്രോഗബാധിതയായ, മൂന്ന് മക്കളുടെ അമ്മയുടേതായിരുന്നു. അതിന് ലഭിച്ചത് തൊണ്ണൂറ് ഡോളർ. മൂന്നാമത്തേതിന് നൂറ്റിപ്പത്ത്.

അപേക്ഷ #1 · 2001 നവംബർ

$70

കോട്ടയത്തെ ഒരു യുവ വൃക്കരോഗിക്കുവേണ്ടി. ഇന്ന് 1,756 അപേക്ഷകൾ നിറഞ്ഞ കണക്കുപുസ്തകത്തിലെ ആദ്യ വരി.

അങ്ങനെയാണ് HelpSaveLife തുടങ്ങിയത്. പ്രധാന കാര്യങ്ങളിലൊന്നും ഇന്നും മാറ്റമില്ല. പൂർണ്ണമായും സന്നദ്ധപ്രവർത്തകരാണ് ഇത് നടത്തുന്നത്. ഓരോ അപേക്ഷയും മുന്നോട്ടുവയ്ക്കുന്നത് ആ കുടുംബത്തെ നേരിട്ടറിയുന്നതോ അവരുടെ അവസ്ഥ നേരിൽ കണ്ട് ബോധ്യപ്പെട്ടതോ ആയ ഒരു അംഗമാണ്. ആശുപത്രി ബില്ലുകളും ഫീസ് രസീതുകളും ബാങ്ക് രേഖകളും ഓരോന്നിനും ശേഖരിക്കുന്നു. നൽകുന്ന പണം ഉദ്ദേശിച്ചയാളുടെ കൈയിൽത്തന്നെ എത്തുന്നു.

മാറിയത് വ്യാപ്തിയാണ്. ആ ചെറിയ സുഹൃദ്സംഘം ഇന്ന് അമേരിക്കയിലെ 33 സംസ്ഥാനങ്ങളിലും പുറത്തുമായി 1,500-ലധികം രജിസ്റ്റർ ചെയ്ത അംഗങ്ങളുള്ള ഒരു കൂട്ടായ്മയാണ്. രോഗത്തോട് പൊരുതുന്ന കുടുംബങ്ങൾക്കും, പഠനം തുടരാൻ വഴിയില്ലാത്ത വിദ്യാർത്ഥികൾക്കും, പ്രളയത്തിലും ഉരുൾപൊട്ടലിലും വീട് നഷ്ടപ്പെട്ടവർക്കുമായി ഇവർ ഒരുമിച്ച് സമാഹരിച്ചത് **20.5 ലക്ഷം ഡോളറിലധികം**.

സഹായം ലഭിച്ചവരിൽ ഭൂരിഭാഗവും കേരളത്തിലെ, ദിവസക്കൂലിയെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളാണ്. ആകെ അപേക്ഷകളിൽ നാലിലൊന്നിലധികവും പറയുന്നത് അതേ കഥയാണ്: ഒരു കൂലിപ്പണിക്കാരൻ, ഒരു ഡ്രൈവർ, രോഗം സ്ഥിരീകരിച്ച ദിവസം വരുമാനം നിലച്ചുപോയ കുടുംബത്തിന്റെ ഏക ആശ്രയം. ഏകദേശം നാലിൽ ഒരു അപേക്ഷ കാൻസറുമായി ബന്ധപ്പെട്ടതാണ്. വൃക്കരോഗം, ഹൃദയശസ്ത്രക്രിയ, പക്ഷാഘാതം, അപകടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നൂറുകണക്കിന് അപേക്ഷകൾ വേറെയും.

> ജാതി, മത, ലിംഗ, ദേശ ഭേദമില്ലാതെ, യഥാർത്ഥത്തിൽ സഹായം ആവശ്യമുള്ളവർക്ക് നേരിട്ടും കരുണയോടെയും സാമ്പത്തിക ആശ്വാസം എത്തിക്കുക എന്നതാണ് ഞങ്ങളുടെ ദൗത്യം.
>
> HelpSaveLife ദൗത്യപ്രസ്താവന

ഇരുപത്തഞ്ച് വർഷം പിന്നിടുമ്പോൾ, മാസംതോറും മുടങ്ങാതെ, പത്ത് ഡോളർ വീതം നൽകി ഒപ്പം നിൽക്കുന്ന ഒരു സമൂഹത്തിന് എന്തെല്ലാം സാധിക്കുമെന്ന് തിരിഞ്ഞുനോക്കാനുള്ള അവസരമാണ് ഈ വാർഷികം. തുടർന്നുള്ള പേജുകളിലെ കണക്കുകൾ HelpSaveLife-ന്റെ സ്വന്തം രേഖകളിൽ നിന്നുള്ളതാണ്.

ഇരുപത്തഞ്ച് വർഷം, അഞ്ച് സംഖ്യകളിൽ

ചെറിയ സംഭാവനകൾ കാൽ നൂറ്റാണ്ടുകൊണ്ട് ചേർന്നപ്പോൾ

$70 → $2M

ആദ്യ അപേക്ഷ, 2001 → ആകെ സമാഹരിച്ചത്, 2026

01

എഴുപത് ഡോളറിൽ നിന്ന് ഇരുപത് ലക്ഷത്തിലേക്ക്

ആദ്യ അപേക്ഷയ്ക്ക് ലഭിച്ചത് 70 ഡോളർ. ആദ്യ എട്ട് വർഷം ആകെ സമാഹരിച്ചത് ഏകദേശം 59,000 ഡോളർ. ഇന്ന് 1,756 അപേക്ഷകളിലായി ആകെ തുക 20.5 ലക്ഷം ഡോളർ. 2024-ൽ മാത്രം സമാഹരിച്ചത് ആ ആദ്യ എട്ട് വർഷത്തെ ആകെ തുകയുടെ മൂന്നിരട്ടിയിലധികം.

$10

HelpSaveLife ചരിത്രത്തിൽ ഏറ്റവുമധികം തവണ ലഭിച്ച സംഭാവനത്തുക

02

പത്ത് ഡോളറിന്റെ ശക്തി

അംഗങ്ങൾ ഇതുവരെ 40,000-ലധികം തവണ അപേക്ഷകൾക്കായി സംഭാവന നൽകി. അതിൽ പത്തിൽ നാലും കൃത്യം 10 ഡോളർ; പകുതിയും 10 ഡോളറോ അതിൽ താഴെയോ. 25 ഡോളറും അതിൽ താഴെയുമുള്ള സംഭാവനകൾ മാത്രം ചേർന്നപ്പോൾ 3.5 ലക്ഷം ഡോളറിലധികമായി. ഇതിൽ പങ്കാളിയാകാൻ ആരും സമ്പന്നരാകേണ്ടിയിരുന്നില്ല.

24

ഓരോ അപേക്ഷയ്ക്കും പിന്നിൽ ശരാശരി അംഗങ്ങൾ

03

ഒരു കുടുംബത്തെയും ഒരാൾ ഒറ്റയ്ക്കല്ല സഹായിച്ചത്

1,300-ലധികം പേർ HelpSaveLife വഴി സംഭാവന നൽകിയിട്ടുണ്ട്. ഓരോ അപേക്ഷയെയും ശരാശരി രണ്ട് ഡസൻ പേർ ചേർന്നാണ് താങ്ങുന്നത്. 83 അംഗങ്ങൾ നൂറിലധികം കുടുംബങ്ങളെ വീതം സഹായിച്ചു. അഞ്ചുപേർ ആയിരത്തിലധികം കുടുംബങ്ങളെ വീതവും.

< 1¢

സംഭാവനയായി ലഭിച്ച ഓരോ ഡോളറിലും ഭരണച്ചെലവ്

04

തുടക്കം മുതൽ ഒടുക്കം വരെ സന്നദ്ധപ്രവർത്തകർ

ശമ്പളമില്ല, ഓഫീസുമില്ല. 2009 മുതലുള്ള കണക്കുകളിൽ, ലഭിച്ച 20.9 ലക്ഷം ഡോളർ സംഭാവനയ്ക്കെതിരെ അറ്റ ഭരണച്ചെലവ് (ബാങ്ക്, PayPal ഫീസുകൾ, വെബ് ഹോസ്റ്റിംഗ്, തപാൽ) 8,000 ഡോളറിൽ താഴെ മാത്രം. അതായത് ഒരു ഡോളറിന് അര സെന്റിൽ താഴെ.

3×

സംഭാവനയിലെ വളർച്ച, 2019 – 2021

05

പ്രതിസന്ധി വന്നപ്പോൾ സമൂഹം മൂന്നിരട്ടി നൽകി

കോവിഡ്-19 കേരളത്തെ പിടിച്ചുലച്ചപ്പോൾ വാർഷിക സംഭാവന 2019-ലെ 75,000 ഡോളറിൽ നിന്ന് 2021-ൽ 231,000 ഡോളറായി ഉയർന്നു. ഒരു ദുരിതാശ്വാസ നിധിയിലൂടെ മാത്രം 54 കുടുംബങ്ങൾക്ക് നേരിട്ട് സഹായമെത്തി. 2018-ലെ പ്രളയത്തിനുശേഷം, വീടും ഉപജീവനമാർഗവും നഷ്ടപ്പെട്ട 28 കുടുംബങ്ങൾക്കും സഹായമെത്തിച്ചു.

യാത്ര

ഇരുപത്തഞ്ച് വർഷങ്ങൾ കടന്നുവന്ന വഴി

2001 — നവംബറിൽ ഒരു ചെറിയ സുഹൃദ്‌സംഘം ആദ്യ അപേക്ഷയ്ക്ക് സഹായമെത്തിക്കുന്നു: കോട്ടയത്തെ വൃക്കരോഗിക്ക് 70 ഡോളർ. വർഷം തീരുംമുമ്പ് രണ്ട് അപേക്ഷകൾ കൂടി.

2004–05 — അംഗങ്ങൾ സ്വന്തം HelpSaveLife അക്കൗണ്ടുകൾ തുടങ്ങുന്നു: മുൻകൂട്ടി പണം നിക്ഷേപിച്ച്, അപേക്ഷകൾ വരുമ്പോൾ അതിൽ നിന്ന് നൽകുന്ന രീതി. 2004 അവസാനത്തോടെ ആദ്യ 39 അംഗ അക്കൗണ്ടുകൾ രേഖകളിൽ.

2009 — ന്യൂജേഴ്സിയിൽ എട്ടുവയസ്സുകാരന് തലച്ചോറിന് ഗുരുതര പരിക്കേൽക്കുന്നു. 275 പേർ ചേർന്ന് 72,850 ഡോളർ നൽകി; ഒരൊറ്റ അപേക്ഷയ്ക്ക് ഇന്നുവരെ ലഭിച്ച ഏറ്റവും വലിയ പിന്തുണ. വാർഷിക സംഭാവന ആദ്യമായി ഒരു ലക്ഷം ഡോളർ കടക്കുന്നു.

2011 — പത്താം വാർഷികം മലയാള മനോരമയും മാതൃഭൂമിയും വാർത്തയാക്കുന്നു.

2012 — 'സ്പോൺസർ എ സ്റ്റുഡന്റ്' പദ്ധതി തുടങ്ങുന്നു: പഠനകാലം മുഴുവൻ ഒരു വിദ്യാർത്ഥിക്കൊപ്പം ഒരു അംഗം.


2014 — പ്രതിമാസ ഡിഫോൾട്ട് സംഭാവന തുടങ്ങുന്നു: അംഗം നിശ്ചയിക്കുന്ന തുക ഓരോ സാധാരണ അപേക്ഷയ്ക്കും തനിയെ പോകുന്നു. ആദ്യ ഭവനനിർമ്മാണ അപേക്ഷയ്ക്കും സഹായം.

2018 — നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം കേരളത്തിൽ. അംഗങ്ങൾ പ്രത്യേക ദുരിതാശ്വാസ നിധി സ്വരൂപിച്ച് 28 കുടുംബങ്ങൾക്ക് നേരിട്ട് സഹായമെത്തിക്കുന്നു.

2020–21 — കോവിഡ്-19. 2020-ൽ സംഭാവന ഇരട്ടിയിലധികമായി; 2021-ൽ റെക്കോർഡ്: ഒരൊറ്റ വർഷം 189 അപേക്ഷകൾക്ക് സഹായം.

2026 — ആകെ സംഭാവന 20 ലക്ഷം ഡോളർ കടക്കുന്നു. HelpSaveLife-ന് 25 വയസ്സ് തികയുന്ന നവംബറിൽ പുതിയ വെബ്സൈറ്റും.

അപേക്ഷകൾക്കായി സമാഹരിച്ച തുക, വർഷംതോറും



ഓരോ വർഷവും തുറന്ന അപേക്ഷകൾക്കായി സമാഹരിച്ച തുക. 2026: നവംബർ ആദ്യവാരം വരെ.

രേഖകൾ പറയുന്നത്

അളക്കാൻ ഉദ്ദേശിക്കാതെതന്നെ കണക്കുകൾ കാട്ടിത്തന്ന കാര്യങ്ങൾ

25 വർഷത്തെ അപേക്ഷകളും സംഭാവനകളും പണമിടപാട് രേഖകളും ഒന്നിച്ചു നോക്കുമ്പോൾ ഈ കൂട്ടായ്മയുടെ ചില ശീലങ്ങൾ തെളിഞ്ഞുവരും. ചിലത് ഞങ്ങളെത്തന്നെ അത്ഭുതപ്പെടുത്തി.

2×

ഡിസംബറിലെ സംഭാവന

ഒരു ശരാശരി മാസത്തെക്കാൾ ഇരട്ടിയിലധികമാണ് ഡിസംബറിൽ അംഗങ്ങൾ നൽകുന്നത്. ഇതുവരെ നിക്ഷേപിച്ച തുകയുടെ അഞ്ചിലൊന്നോളം എത്തിയത് വർഷത്തിന്റെ അവസാന മാസത്തിലാണ്.

ഞായർ

ഏറ്റവും പ്രിയപ്പെട്ട ദിവസം

ആഴ്ചയിൽ ഏറ്റവുമധികം സംഭാവനകൾ വരുന്നത് ഞായറാഴ്ചയാണ്: ഏകദേശം ആറിലൊന്ന്.

12

തുടക്കം മുതൽ ഒപ്പം

2005-ലോ അതിനുമുമ്പോ സംഭാവന നൽകിത്തുടങ്ങിയ 12 അംഗങ്ങൾ 2026-ലും നൽകി. 56 അംഗങ്ങൾ പത്തോ അതിലധികമോ വർഷങ്ങളിൽ സംഭാവന നൽകിയിട്ടുണ്ട്.

~80

കൈമാറിയ കരുണ

ഏകദേശം 80 അപേക്ഷകൾ ഞങ്ങളിലെത്തിയത് മുമ്പ് സഹായം ലഭിച്ച ഒരാൾ വഴിയാണ്: സഹായം കിട്ടിയവർതന്നെ അടുത്ത കുടുംബത്തെ ചൂണ്ടിക്കാട്ടി.

117

ഉറപ്പുനൽകിയ അംഗങ്ങൾ

ഓരോ അപേക്ഷയും മുന്നോട്ടുവയ്ക്കുന്നത് ഒരു അംഗമാണ്. 117 അംഗങ്ങൾ ഇങ്ങനെ ചെയ്തിട്ടുണ്ട്; ഒരാൾ മാത്രം 238 കുടുംബങ്ങൾക്കുവേണ്ടി.

$329K

തൊഴിലുടമയുടെ മാച്ചിംഗ്

തൊഴിലിടങ്ങളിലെ മാച്ചിംഗ് പദ്ധതികൾ വഴി 322 സംഭാവനകൾ ലഭിച്ചു. അംഗങ്ങളുടെ തൊഴിലുടമകളും ഞങ്ങളുടെ വലിയ പിന്തുണക്കാരിൽപ്പെടുന്നു.

134

വിദ്യാർത്ഥി സ്പോൺസർഷിപ്പുകൾ

2012 മുതൽ 74 അംഗങ്ങൾ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്തു; നൽകിയത് 161,000 ഡോളർ. ഇന്ന് 68 സ്പോൺസർഷിപ്പുകൾ സജീവം. ഏറ്റവുമധികം പരാമർശിക്കപ്പെടുന്ന കോഴ്സ് നഴ്സിംഗ്.

30 ദിവസം

തുക തികയാൻ വേണ്ട സമയം

2023 മുതൽ ഒരു അപേക്ഷ സാധാരണ 30 ദിവസം (മീഡിയൻ) തുറന്നിരുന്ന ശേഷം തുക തികഞ്ഞ് അവസാനിക്കുന്നു. 42 അപേക്ഷകൾ സമർപ്പിച്ച് ഒരു ദിവസത്തിനകം പ്രസിദ്ധീകരിച്ചു.

644

നന്ദിക്കത്തുകൾ

472 കുടുംബങ്ങളിൽ നിന്നുള്ള നന്ദിക്കത്തുകൾ ഞങ്ങളുടെ ഫയലുകളിലുണ്ട്; സുതാര്യതയ്ക്കായി സൂക്ഷിച്ച 14,000-ലധികം ബില്ലുകൾക്കും രസീതുകൾക്കും രേഖകൾക്കുമൊപ്പം.

> എന്റെ വിദ്യാഭ്യാസത്തിന്റെ വലിയൊരു പങ്കിലും നിങ്ങൾ സാമ്പത്തികമായി സഹായിച്ചു; അതുകൊണ്ട് എനിക്ക് നന്നായി പഠിച്ചു മുന്നേറാൻ കഴിഞ്ഞു. ഹൃദയം നിറഞ്ഞ ആശംസകൾ.
>
> സ്പോൺസർഷിപ്പ് ലഭിച്ച ഒരു വിദ്യാർത്ഥിനി, രജത ജൂബിലി സന്ദേശത്തിൽ

പത്തിൽ ഏഴ് അപേക്ഷകളും ചികിത്സയ്ക്കുവേണ്ടിയായിരുന്നു; രണ്ടെണ്ണം വിദ്യാഭ്യാസത്തിന്; ബാക്കിയിൽ ഏറെയും വീട് പണിയാനോ നന്നാക്കാനോ. 2022 മുതൽ HelpSaveLife-ന്റെ ഇന്ത്യയിലെ സംവിധാനം വഴി അംഗങ്ങൾ 3.7 കോടി രൂപയിലധികം ഗുണഭോക്താക്കൾക്ക് എത്തിച്ചു.

അടുത്ത ഇരുപത്തഞ്ച്

ദൗത്യം തീർന്നിട്ടില്ല, ഞങ്ങൾ പിന്മാറുന്നുമില്ല

ഏത് ദിവസവും സഹായം കാത്തിരിക്കുന്ന കുടുംബങ്ങളുണ്ട്. ഇതെഴുതുമ്പോൾ helpsavelife.org-ൽ 80 അപേക്ഷകൾ തുറന്നിരിക്കുന്നു: ചികിത്സയ്ക്കിടയിലുള്ള രോഗികൾ, അടുത്ത ടേം കാത്തിരിക്കുന്ന വിദ്യാർത്ഥികൾ, വീട് വീണ്ടും പണിയാൻ ആഗ്രഹിക്കുന്ന കുടുംബങ്ങൾ. ഓരോന്നും ഒരു അംഗം കൊണ്ടുവന്നതാണ്; രേഖകൾ പരിശോധിച്ചതാണ്; പണം എവിടേക്ക് പോകുന്നുവെന്ന് ആർക്കും കാണാവുന്ന വിധം പ്രസിദ്ധീകരിച്ചതാണ്.

ഇതിന്റെ പ്രവർത്തനരീതിയിൽ സങ്കീർണ്ണതയൊന്നുമില്ല. കഷ്ടപ്പെടുന്ന ഒരു കുടുംബത്തെക്കുറിച്ച് ഒരു അംഗം അറിയുന്നു. സന്നദ്ധപ്രവർത്തകർ ആവശ്യം പരിശോധിച്ച് ഉറപ്പാക്കുന്നു. കൂട്ടായ്മ കഴിയുന്നത് നൽകുന്നു. പണം അയയ്ക്കുന്നു; രസീതും പലപ്പോഴും ഒരു നന്ദിക്കത്തും തിരികെ വരുന്നു. ഈ ചക്രം ഇതിനകം 1,700-ലധികം തവണ തിരിഞ്ഞുകഴിഞ്ഞു.



കൈനീട്ടുന്ന രൂപം: യഥാർത്ഥ ആവശ്യക്കാരെ തേടിച്ചെന്ന് അവർക്കുവേണ്ടി സംസാരിക്കുന്ന അംഗങ്ങളും സന്നദ്ധപ്രവർത്തകരും.

താങ്ങുന്ന കൈ: വിശ്വാസം. കരുതലോടെ സൂക്ഷിച്ച്, ഉദ്ദേശിച്ചയാൾക്കുതന്നെ കൈമാറുന്ന സംഭാവനകൾ.

ചുവന്ന ഹൃദയം: എല്ലാറ്റിന്റെയും കേന്ദ്രമായ ജീവിതം; ആരോഗ്യത്തിലേക്കും വിദ്യാലയത്തിലേക്കും വീട്ടിലേക്കും തിരികെയെത്തുന്ന ജീവിതം.

> എഴുപത് ഡോളറിന് ഇത്രയും തുടങ്ങിവയ്ക്കാനായെങ്കിൽ, അടുത്ത സംഭാവനയ്ക്ക് എന്തെല്ലാം സാധിക്കും!

നൽകുക

തുറന്നിരിക്കുന്ന ഒരു അപേക്ഷയെ സഹായിക്കുക, അല്ലെങ്കിൽ ഇഷ്ടമുള്ള തുക പ്രതിമാസ സംഭാവനയായി നിശ്ചയിക്കുക. ഇതിലേറെയും പടുത്തുയർത്തിയത് പത്ത് ഡോളറുകളാണ്.

ഒരു വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുക

പഠനം തീരുംവരെ ഒരു വിദ്യാർത്ഥിക്കൊപ്പം നിൽക്കുക; അവർ ലക്ഷ്യത്തിലെത്തുന്നത് കാണുക.

ഒരു സുഹൃത്തിനെ കൂട്ടുക

ഓരോ അംഗവും ചേർന്നത് വിശ്വാസമുള്ള ഒരാൾ വിളിച്ചതുകൊണ്ടാണ്. ആ ഒരാൾ നിങ്ങളാകട്ടെ.

വരൂ, ഞങ്ങളിൽ ഒരാളാകൂ

നിങ്ങൾ ആരായാലും എവിടെയായാലും, ഈ കൂട്ടായ്മയിൽ നിങ്ങൾക്കും ഒരിടമുണ്ട്. HelpSaveLife-ൽ അംഗമായി ചേരൂ; അടുത്ത ജീവിതത്തിന് താങ്ങാകാൻ ഞങ്ങൾക്കൊപ്പം നിൽക്കൂ.

helpsavelife.org-ൽ ചേരൂ →

ഓരോ ദാതാവിനും സന്നദ്ധപ്രവർത്തകനും അഭ്യുദയകാംക്ഷിക്കും: ഇരുപത്തഞ്ച് വർഷങ്ങൾക്ക് നന്ദി.

HelpSaveLife Inc. ഒരു 501(c)(3) പബ്ലിക് ചാരിറ്റിയാണ്, EIN 20-1768050 · 21 Budapest St, Monroe, NJ 08831 · support@helpsavelife.org · **helpsavelife.org**

കണക്കുകൾ 2026 നവംബർ 6 വരെയുള്ള HelpSaveLife രേഖകളിൽ നിന്ന്. ആകെത്തുകകളിൽ 2001 നവംബർ മുതലുള്ള അപേക്ഷകൾ ഉൾപ്പെടുന്നു; ബാങ്ക് ലെഡ്ജർ കണക്കുകൾ (ലഭിച്ച സംഭാവന, ഭരണച്ചെലവ്) 2009 മുതൽ. അപേക്ഷാവിവരണങ്ങളെ അടിസ്ഥാനമാക്കിയ എണ്ണങ്ങൾ ഏകദേശമാണ്.